**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2510** **04-03-2025 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായവകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വ്യവസായങ്ങൾ രജിസ്റ്റർ ചെയ്യേണ്ടത് ഏത് പോർട്ടൽ വഴിയാണെന്ന് വ്യക്തമാക്കാമോ; സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തികവർഷവും എത്ര സംരംഭങ്ങൾ പോർട്ടലിൽ പുതുതായി രജിസ്റ്റർ ചെയ്യുവെന്ന കണക്കുകൾ തരം തിരിച്ച് ലഭ്യമാക്കാമോ; | (എ) | സംരംഭകവർഷവുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വിവിധ സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്.<br><br>ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ 1,39,839 പുതിയ സംരംഭങ്ങൾ രജിസ്റ്റർചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 3,00,049 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>ഈ പദ്ധതിയുടെ തുടർച്ചയെന്നോണം നടപ്പിലാക്കിയ സംരംഭക വർഷം 2.0 പദ്ധതിയുടെ ഭാഗമായി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 1,03,596 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 7048.66 കോടി രൂപയുടെ നിക്ഷേപവും 2,18,179 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>തുടർന്ന്, ഈ വർഷവും സംരംഭക വർഷം 3.0 എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. 2024 ഏപ്രിൽ 1 മുതൽ 2025 ഫെബ്രുവരി 26 വരെയുള്ള കാലയളവിൽ 102,439 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 6722.45 കോടി രൂപയുടെ നിക്ഷേപവും 215,530 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ സാമ്പത്തികവർഷവും എത്ര പുതിയ സംരംഭങ്ങൾ പോർട്ടലിൽ റീ രജിസ്റ്റർ | (ബി) | സംരംഭകവർഷവുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വിവിധ സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | ചെയ്യുവെന്നും ,മറ്റു പോർട്ടലുകളിൽ നിന്നും മൈഗ്രേറ്റ് ചെയ്യുവെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ; | | കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. നേരിട്ടുള്ള രജിസ്ട്രേഷൻ മാത്രമാണ് നിലവിലുള്ളത്. റീ രജിസ്ട്രേഷൻ, മൈഗ്രേഷൻ തുടങ്ങിയവ നിലവിലില്ല. |
| (സി) | 2022 ജനുവരിക്ക് മുൻപ് ആരംഭിച്ച എത്ര സംരംഭങ്ങൾ പ്രസ്തുത പോർട്ടലിൽ പുതുതായി രജിസ്റ്റർ ചെയ്തു എന്ന കണക്കുകൾ ലഭ്യമാക്കാമോ; 2022 ജനുവരിക്ക് ശേഷം ആരംഭിച്ച എത്ര സംരംഭങ്ങൾ പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തു എന്ന വിവരം കൂടി ലഭ്യമാക്കാമോ? | (സി) | സംരംഭകവർഷവുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വിവിധ സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്.. 2022 ജനുവരിക്ക് മുൻപ് ആരംഭിച്ച സംരംഭങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ